# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - **2018 നവംബർ 29 (വ്യാഴം)**-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പ് -

സമ്മതിദായകർക്കുള്ള തിരിച്ചറിയൽ രേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബി.1-15574-2018-സംതിക | തീയതി, തിരുവനന്തപുരം, 2018 നവംബർ 19

പരാമർശം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 05.11.2018 -ലെ നമ്പർ 134/2018/സം.തി.ക മുതൽ 139/2018/ സം.തി.ക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ.

## ഉത്തരവ്

1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 31(2)-ഉം 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 31(2)-ഉം പ്രകാരം പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ആഫീസറുടേയോ മുമ്പാകെ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച മറ്റേതെങ്കിലും തിരിച്ചറിയൽ രേഖകളോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പോ ഹാജരാക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. ആയതിനാൽ, **2018 നവംബർ 29 (വ്യാഴം)**-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ താഴെപ്പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
2. പാസ്പോർട്ട്
3. ഡ്രൈവിംഗ് ലൈസൻസ്
4. പാൻ കാർഡ്
5. ആധാർ കാർഡ്
6. ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്
7. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്
8. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്

ഷാജു.പി.കെ
സെക്രട്ടറി(ഇൻ ചാർജ്ജ്)

ഉത്തരവിൻ പ്രകാരം
**ഒപ്പ്**

സെക്ഷൻ ഓഫീസർ

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : cru.sec@kerala.gov.in, Website : www.sec.kerala.gov.in
THIRUVANANTHAPURAM – 695 033

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

നം: ബി1-16970-2018-സം.തി.ക    തീയതി: 24.10.2018

## <u>സർക്കുലർ</u>

പ്രസിഡന്റ് /വൈസ് പ്രസിഡന്റ് / അംഗം എന്നീ സ്ഥാനങ്ങളിൽ നിന്നും രാജിവയ്ക്കുന്നതിന് പൊതുവായി ഒരു ഫാറമാണ് 2000 – ലെ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റെയോ, വൈസ് പ്രസിഡന്റിന്റെയോ, അംഗങ്ങളുടെയോ രാജി) ചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ളത്. അതുപോലെ തന്നെ ചെയർപേഴ്സൺ / ഡെപ്യൂട്ടി ചെയർപേഴ്സൺ / കൗൺസിലർ എന്നീ സ്ഥാനങ്ങളിൽ നിന്നുള്ള രാജി സമർപ്പിക്കുന്നതിനും 2005-ലെ കേരള മുനിസിപ്പാലിറ്റി (ചെയർപേഴ്സന്റെയോ, ഡെപ്യൂട്ടി ചെയർപേഴ്സന്റെയോ, കൗൺസിലർമാരുടേയോ രാജി) ചട്ടങ്ങൾ പ്രകാരവും ഒരു പൊതു ഫാറമാണ് നിശ്ചയിച്ചിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, അംഗം എന്നീ സ്ഥാനങ്ങളിൽ നിന്നും രാജി വയ്ക്കുന്നതിനും 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിററി) ചട്ടങ്ങൾ, 2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിററി) ചട്ടങ്ങൾ എന്നിവ പ്രകാരവും ഒരു പൊതു ഫാറമാണ് നിശ്ചയിച്ചിട്ടുള്ളത്. രാജി സമർപ്പിക്കുന്നയാൾക്കും അത് സ്വീകരിക്കുന്നയാൾക്കും ഏത് സ്ഥാനത്ത്/സ്ഥാനങ്ങളിൽ നിന്നാണ് രാജി വച്ചിട്ടുള്ളത് എന്ന് വ്യക്തമാകുന്നതിനാണ് **<u>“ബാധകമല്ലാത്തത് വെട്ടിക്കളയുക”</u>** എന്ന് പ്രസ്തുത ഫാറത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഫാറത്തിലെ ഇപ്രകാരം ബാധകമല്ലാത്ത സ്ഥാനങ്ങൾ വെട്ടിക്കളയാതെ രാജിക്കത്തുകൾ സെക്രട്ടറിമാർക്ക് നൽകുന്നതും സെക്രട്ടറിമാർ ഇത് പരിശോധിക്കാതെ രാജിക്കത്തുകൾ സ്വീകരിക്കുന്നതും കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു രാജി സംബന്ധിച്ച തർക്കങ്ങൾക്കും ഒഴിവു വന്ന സ്ഥാനം സംബന്ധിച്ച സംശയങ്ങൾക്കും ഇടയാക്കിയിട്ടുള്ളതും വ്യവഹാരങ്ങൾക്ക് കാരണമായിട്ടുള്ളതുമാണ്.

2.ആയതിനാൽ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റെയോ , വൈസ് പ്രസിഡന്റിന്റെയോ, അംഗങ്ങളുടെയോ രാജി) ചട്ടങ്ങൾ, കേരള മുനിസിപ്പാലിറ്റി (ചെയർപേഴ്സന്റെയോ, ഡെപ്യൂട്ടി ചെയർപേഴ്സന്റെയോ, കൗൺസിലർ മാരുടെയോ രാജി) ചട്ടങ്ങൾ, കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ, കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ എന്നിവ പ്രകാരം രാജിക്കത്ത് സമർപ്പിക്കുമ്പോൾ, രാജിവച്ച സ്ഥാനം സൂചിപ്പിക്കുന്നതിലേക്കുള്ള **<u>“ബാധകമല്ലാത്തത്</u>**

**<u>വെട്ടിക്കളയുക''</u>** എന്ന ബന്ധപ്പെട്ട ഫാറങ്ങളിലെ നിർദ്ദേശം പാലിക്കുന്നുവെന്ന് രാജി സ്വീകരിക്കുന്ന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിന് വീഴ്ച വരുത്തുന്നവർക്കെതിരെ മേൽ നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്ന് അറിയിക്കുന്നു.

ഷാജു. പി.കെ
സെക്രട്ടറി

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും

പകർപ്പ്:

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
പി.ആർ.ഒ ,സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
കമ്പ്യൂട്ടർ പ്രോഗ്രാമർ,
കമ്മീഷണറുടെ പി.എസ്.
സെക്രട്ടറിയുടെ സി.എ.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

അംഗീകാരത്തോടെ

ഒപ്പ്

സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - **2018 ഒക്ടോബർ 11 (വ്യാഴം)**-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പ് - സമ്മതിദായകർക്കുള്ള തിരിച്ചറിയൽ രേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| ബി.1-13440-2018-സംതിക | തീയതി, തിരുവനന്തപുരം, 2018 സെപ്റ്റംബർ 24 |

പരാമർശം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 15.09.2018 -ലെ നമ്പർ 103/2018/സം.തി.ക. മുതൽ 108/2018/സം.തി.ക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ.

## ഉത്തരവ്

1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 31(2)-ഉം 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 31(2)-ഉം പ്രകാരം പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ആഫീസറുടേയോ മുമ്പാകെ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച മറ്റേതെങ്കിലും തിരിച്ചറിയൽ രേഖകളോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പോ ഹാജരാക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. ആയതിനാൽ, **2018 ഒക്ടോബർ 11 (വ്യാഴം)**-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ താഴെപ്പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

9. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
10. പാസ്പോർട്ട്
11. ഡ്രൈവിംഗ് ലൈസൻസ്
12. പാൻ കാർഡ്
13. ആധാർ കാർഡ്
14. ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്
15. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്
16. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്

ഷാജു.പി.കെ
സെക്രട്ടറി(ഇൻ ചാർജ്ജ്)

**ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ & ജില്ലാ കളക്ടർ, തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശൂർ.**

**പാലക്കാട് ,മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ.**

**ബന്ധപ്പെട്ട വരണാധികാരികൾക്കും ഉപ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖേന)**
**ബന്ധപ്പെട്ട പ്രിസൈഡിംഗ് ഓഫീസർമാർക്ക (വരണാധികാരികൾ മുഖേന)**
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**ഒപ്പ്**
സെക്ഷൻ ഓഫീസർ

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : cru.sec@kerala.gov.in, Website : www.sec.kerala.gov.in
THIRUVANANTHAPURAM – 695 033

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

നം: ബി1-15046/2018/സം.തി.ക. തീയതി: 26.07.2018

## സർക്കുലർ

വിഷയം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്കെതിരെ അവിശ്വാസപ്രമേയ നോട്ടീസ് നൽകുന്നത്- സംബന്ധിച്ച്-

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയല്ലാത്ത സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്ക് എതിരായി അവിശ്വാസം രേഖപ്പെടുത്തുന്ന പ്രമേയം സംബന്ധിച്ച നോട്ടീസ് ഒരംഗം നൽകേണ്ട ഉദ്യോഗസ്ഥനായി ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 06.11.2011-ലെ 385/2011/സം.തി.ക ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

2. എന്നാൽ ഇപ്രകാരമുള്ള നോട്ടീസ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നതിനു പകരം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ എന്ന മേൽവിലാസത്തിൽ നൽകുന്നതായും പ്രസ്തുത ഉദ്യോഗസ്ഥർ അതു സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതായും കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ വൈസ് പ്രസിഡന്റിനെതിരെ അവിശ്വാസം രേഖപ്പെടുത്തുന്ന പ്രമേയം അവതരിപ്പിക്കുന്നതിനുള്ള നോട്ടീസ് മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

എന്നതിനു പകരം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, മുളന്തുരുത്തി എന്നെഴുതി നൽകിയ നടപടി നിയമപരമല്ല എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി WP(C) 20329/2018 നമ്പർ കേസിൽ വിധിക്കുകയും അവിശ്വാസപ്രമേയനോട്ടീസ് റദ്ദാക്കുകയും ചെയ്തു.

4. ഈ സാഹചര്യത്തിൽ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയല്ലാത്ത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ എന്നിവർക്കെതിരെ അവിശ്വാസം രേഖപ്പെടുത്തുന്ന പ്രമേയം അവതരിപ്പിക്കുന്നതിനുള്ള നോട്ടീസ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്ന വിലാസത്തിൽ ലഭിച്ചാൽ മാത്രമേ പ്രസ്തുത ഉദ്യോഗസ്ഥൻ സ്വീകരിക്കുകയും തുടർനടപടിയെടുക്കുകയും ചെയ്യേണ്ടതുള്ളുവെന്ന് നിർദ്ദേശിക്കുന്നു.

കെ.വി.മുരളീധരൻ

സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും } ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥർ
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും } മുഖേനെ
പബ്ലിക് റിലേഷൻസ് ഓഫീസർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
കമ്മീഷനിലെ എല്ലാ ഓഫീസർമാർക്കും
എല്ലാ സെക്ഷനുകൾക്കും
കമ്മീഷണറുടെ പി.എസ്.
കമ്മീഷണറുടെ സി.എ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

ഒപ്പ്

സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
## തിരുവനന്തപുരം – 695 033

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - **2018 മേയ് 31 (വ്യാഴം)**-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പ് - സമ്മതിദായകർക്കുള്ള തിരിച്ചറിയൽ രേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ബി.1-12658-2018-സംതിക | തീയതി, തിരുവനന്തപുരം, 2018 മേയ് 18

---

പരാമർശം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 07.05.2018 -ലെ നമ്പർ 52/2018/സം.തി.ക. മുതൽ 57/2018/സം.തി.ക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ.

## ഉത്തരവ്

1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 31(2)-ഉം 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 31(2)-ഉം പ്രകാരം പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ആഫീസറുടേയോ മുമ്പാകെ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച മറ്റേതെങ്കിലും തിരിച്ചറിയൽ രേഖകളോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പോ ഹാജരാക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. ആയതിനാൽ, **2018 മേയ് 31 (വ്യാഴം)**-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ താഴെപ്പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

17. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
18. പാസ്പോർട്ട്
19. ഡ്രൈവിംഗ് ലൈസൻസ്
20. പാൻ കാർഡ്
21. ആധാർ കാർഡ്
22. ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്
23. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്
24. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്

കെ.വി. മുരളീധരൻ
സെക്രട്ടറി

**ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ & ജില്ലാ കളക്ടർ, തിരുവനന്തപുരം, കൊല്ലം,പത്തനംതിട്ട, ഇടുക്കി, എറണാകുളം, പാലക്കാട് മലപ്പുറം, കോഴിക്കോട്, കണ്ണൂർ.**

**ബന്ധപ്പെട്ട വരണാധികാരികൾക്കും ഉപ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖേന)**
**ബന്ധപ്പെട്ട പ്രിസൈഡിംഗ് ഓഫീസർമാർക്ക (വരണാധികാരികൾ മുഖേന)**

ഉത്തരവിൻ പ്രകാരം
**ഒപ്**
സെക്ഷൻ ഓഫീസർ

# STATE ELECTION COMMISSION, KERALA

**THIRUVANANTHAPURAM – 695 033**

## NOTIFICATION

No. 51 / 2018/SEC *Dated, Thiruvananthapuram, 28th April , 2018*

In exercise of the powers conferred by sub-section (1) of section 15 of the Kerala Panchayat Raj Act, 1994 (13 of 1994) and in supersession of notifications No. 229/2004/SEC dated 13.08.2004, 169/2010/SEC dated 03.07.2010 and 143/2013/SEC dated 01.07.2013, the State Election Commission hereby designate officer mentioned in the column (2) of the Table below as Assistant Electoral Registration Officer for all constituencies comprised in a Grama Panchayat as shown in column (3) of the said Table, namely:-

**TABLE**

| (1) | (2) | (3) |
|---|---|---|
| 1. | Assistant Secretary of a Grama Panchayat | Grama Panchayat |
| 2. | Junior Superintendent of a Grama Panchayat | Grama Panchayat, where no sanctioned post of Assistant Secretary. |
| 3. | Head Clerk of a Grama Panchayat | Grama Panchayat, where no sanctioned post of Assistant Secretary or Junior Superintendent. |

Sd/-

Office of the State Election Commission V. Bhaskaran
Kerala, Thiruvananthapuram State Election Commissioner

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**


**വിജ്ഞാപനം**

നമ്പർ : 13-2018-സംതിക. തീയതി, തിരുവനന്തപുരം, 2018 ജനുവരി 25

2017 ഡിസംബർ മാസം 20-ാം തീയതിയിലെ ഉത്തരവ് നമ്പർ ബി1-8950-2017(1)-സം.തി.ക പ്രകാരം പുറപ്പെടുവിച്ചതും അതേ തീയതിയിലെ 2781-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ 2015-ലെ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിലെ ചെലവ് കണക്ക് സമർപ്പിക്കാത്ത/ പരിധിയിൽ കൂടുതൽ ചെലവ് ചെയ്ത സ്ഥാനാർത്ഥികളെ അയോഗ്യരാക്കിയ ഉത്തരവിന്റെ പട്ടികയിൽ,-

ക്രമനമ്പർ 313-ഉം അതിന് എതിരെയുമുള്ള ഉൾക്കുറിപ്പുകളും ഒഴിവാക്കേണ്ടതാണ്.

വിശദീകരണകുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2015-ലെ പൊതു തിരഞ്ഞെടുപ്പിൽ സി.05 കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ 29-ാം (പൊറ്റമ്മൽ) വാർഡിൽ നിന്നും മത്സരിച്ച സ്ഥാനാർത്ഥിയായ ശ്രീ. എം.പി. രാധാകൃഷ്ണൻ, കൊടമോളിക്കുന്നുമ്മൽ, നെല്ലിക്കോട് പി.ഒ, കോഴിക്കോട് നിശ്ചിത സമയത്തിനുള്ളിൽ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിച്ചിട്ടില്ലായെന്ന കാരണത്താൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 20.12.2017 തീയതിയിലെ ബി.1-8950-2017(1)-സം.തി.ക ഉത്തരവിൽ 313-ാം ക്രമനമ്പറായി ഉൾപ്പെടുത്തി അയോഗ്യത കൽപ്പിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. എം.പി. രാധാകൃഷ്ണൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ അപേക്ഷ ബോധിപ്പിക്കുകയും രേഖകൾ ഹാജരാക്കുകയും ചെയ്തിട്ടുള്ളതാണ്. രേഖകൾ പരിശോധിച്ചതിൽ ടിയാൻ 25.11.2015 ൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ചെലവ് കണക്ക് സമർപ്പിച്ചതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ 25.01.2018 ലെ അപേക്ഷ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ കമ്മീഷന്റെ 20.12.2017 ലെ ഉത്തരവ് ഭേദഗതി വരുത്തേണ്ടത് ഏറ്റവും ആവശ്യമാണ്.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

ഒപ്പ്

**വി. ഭാസ്കരൻ**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33.

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## തിരുത്ത് വിജ്ഞാപനം

നമ്പർ : 05–2018–സംതിക. തീയതി, തിരുവനന്തപുരം, 2018 ജനുവരി 05

2017 ഡിസംബർ മാസം 20–ാം തീയതിയിലെ ഉത്തരവ് നമ്പർ ബി1–8950–2017–സം.തി.ക പ്രകാരം പുറപ്പെടുവിച്ചതും അതേ തീയതിയിലെ 2780–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ 2015–ലെ ത്രിതല പഞ്ചായത്തുകളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിലെ ചെലവ് കണക്ക് സമർപ്പിക്കാത്ത/പരിധിയിൽ കൂടുതൽ ചെലവ് ചെയ്ത സ്ഥാനാർത്ഥികളെ അയോഗ്യരാക്കിയ ഉത്തരവിന്റെ പട്ടികയിൽ,-

ക്രമനമ്പർ 4784 നും അതിന് എതിരെയുള്ള ഉൾക്കുറുപ്പിനും പകരം താഴെ പറയുന്നവ ചേർക്കേണ്ടതാണ്.

"

| | | | | |
|---|---|---|---|---|
| 4784 | ജി.11 ഓങ്ങല്ലൂർ | 13. പഴഞ്ചിരിക്കുന്ന് | സൈനബ വരമംഗലത്ത് | വരമംഗലത്ത് ഹൗസ്, കോണ്ടൂർക്കര പി.ഒ, കള്ളാടിപ്പറ്റ, പാലക്കാട്. |

"

### വിശദീകരണകുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

പാലക്കാട് ജില്ലയിൽ ജി.11 ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് 13.പഴഞ്ചിരിക്കുന്ന് നിയോജകമണ്ഡലത്തിൽ നിന്നും മത്സരിച്ച ശ്രീമതി. സൈനബ വരമംഗലത്ത്-നെ ചെലവ് കണക്ക് സമർപ്പിക്കാത്ത കാരണത്താൽ കേരള പഞ്ചായത്ത് രാജ് ആക്ട് 33–ാം വകുപ്പ് പ്രകാരം അയോഗ്യയാക്കേണ്ടിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ടിയാളുടെ പേരിലും മേൽവിലാസത്തിലും പിശക് സംഭവിച്ചിട്ടുള്ളതാണ്. പ്രസ്തുത പിശക് പരിഹരിക്കേണ്ടത് ഏറ്റവും ആവശ്യമാണ്.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

**ഒപ്പ്**
**വി. ഭാസ്കരൻ**
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം–33.

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : cru.sec@kerala.gov.in, Website : www.sec.kerala.gov.in
THIRUVANANTHAPURAM – 695 033

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
# സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ. കെ. വി. മുരളീധരൻ)

വിഷയം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2018 ജനുവരി 11-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പ് - സമ്മതിദായകർക്കുള്ള തിരിച്ചറിയൽ രേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 16.12.2017-ലെ 96/2017/സംതിക മുതൽ 101/2017/സംതിക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ.

**<u>ഉത്തരവ് നമ്പർ. ബി1-7843-2017-സം.തി.ക. തീയതി:01.01.2018</u>**

1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 31-ാം ചട്ടം (2)-ഉം 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 31 -ാം ചട്ടം (2)-ഉം പ്രകാരം പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ആഫീസറുടേയോ മുമ്പാകെ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച മറ്റേതെങ്കിലും തിരിച്ചറിയൽ രേഖകളോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പോ ഇവയിലേതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. ആയതിനാൽ, 2018 ജനുവരി 11 (വ്യാഴം)-ാം ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ താഴെപ്പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

25. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
26. പാസ്പോർട്ട്
27. ഡ്രൈവിംഗ് ലൈസൻസ്
28. പാൻ കാർഡ്
29. ആധാർ കാർഡ്
30. ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്
31. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്
32. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്

കെ. വി. മുരളീധരൻ
സെക്രട്ടറി.

**ജില്ലാ കളക്ടർ & ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ, തിരുവനന്തപുരം**
**/കൊല്ലം/കോട്ടയം/ഇടുക്കി/എറണാകുളം/പാലക്കാട്/കോഴിക്കോട്/**
**മലപ്പുറം/കാസർഗോഡ്**
**എല്ലാ വരണാധികാരികൾക്കും (ജില്ലാ കളക്ടർ മുഖേന)**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ എല്ലാ ഓഫീസർമ്മാർക്കും
പി.ആർ.ഒ, (പത്രക്കുറിപ്പ് നൽകുന്നതിനായി)
കംമ്പ്യൂട്ടർ പ്രോഗ്രാമർ (കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

ഒപ്പ്
സെക്ഷൻ ഓഫീസർ